| 21-02-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായകുട്ടികളേ - ജ്ഞാനമാകുന്ന വാളിൽ യോഗത്തിന്റെ മൂർച്ച വേണം എങ്കിലേ വിജയിയാകൂ. ജ്ഞാനത്തിൽ യോഗത്തിന്റെ മൂർച്ചയുണ്ടെങ്കിൽ തീർച്ചയായും അതിന്റെ പ്രഭാവം ഉണ്ടായിരിക്കും.**

**ചോദ്യം -** നിങ്ങൾ ഈശ്വരന്റെ സന്ദേശവാഹകരാണ്, നിങ്ങൾക്ക് മുഴുവൻ വിശ്വത്തിനും ഏതൊരു സന്ദേശം നൽകണം?
**ഉത്തരം -** മുഴുവൻ ലോകത്തിനും സന്ദേശം നൽകൂ അതായത് ഈശ്വരൻ പറയുകയാണ് - നിങ്ങൾ എല്ലാവരും സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കൂ, ദേഹാഭിമാനത്തെ ഉപേക്ഷിക്കൂ, ഒരേയൊരു അച്ഛനായ എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ ശിരസ്സിൽ നിന്നും പാപങ്ങളുടെ ഭാരം ഇറങ്ങും. ഒരു അച്ഛന്റെ ഓർമ്മയിലൂടെ നിങ്ങൾ പാവനമായിത്തീരും. അന്തർമുഖിയായ കുട്ടികൾക്കു മാത്രമേ ഇങ്ങനെയൊരു സന്ദേശം മറ്റുള്ളവർക്കു നൽകാൻ സാധിക്കൂ.

**ഓംശാന്തി.** ബാബ മനസ്സിലാക്കിത്തന്നു ഏതൊരു മനുഷ്യനും, അത് ദൈവീകഗുണമുള്ളവരാണെങ്കിലും ആസുരീയ അവഗുണങ്ങളുള്ളവരാണെങ്കിലും അവരെ ഭഗവാൻ എന്നു പറയാൻ സാധിക്കില്ല. ഇത് കുട്ടികൾക്ക് അറിയാം ദൈവീകഗുണങ്ങളുള്ളവർ സത്യയുഗത്തിലായിരിക്കും. ആസുരീയ അവഗുണങ്ങളുള്ളവർ കലിയുഗത്തിലായിരിക്കും ഉണ്ടാവുക. അതുകൊണ്ടാണ് ബാബ ഇങ്ങനെയൊരു എഴുത്തും ഉണ്ടാക്കിച്ചത്, ദൈവീകഗുണങ്ങളുള്ളവരാണോ അതോ ആസുരീയ അവഗുണങ്ങളുള്ളവരാണോ? സത്യയുഗിയാണോ അതോ കലിയുഗിയാണോ? ഈ കാര്യങ്ങളെല്ലാം തന്നെ വളരെയധികം ബുദ്ധിമുട്ടിയാണ് മനുഷ്യർക്ക് മനസ്സിലാവുക. നിങ്ങൾക്ക് ഏണിപ്പടിയുടെമേൽ വളരെ നന്നായി മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. നിങ്ങളുടെ ജ്ഞാനത്തിന്റെ ബാണം വളരെ നല്ലതാണ് പക്ഷേ അതിൽ മൂർച്ച ആവശ്യമാണ്, വാളിൽ മൂർച്ചയുണ്ടാകുന്നത് പോലെ. ചിലത് വളരെയധികം തീക്ഷ്ണമായ മൂർച്ചയുള്ളതായിരിക്കും. ഗുരു ഗോവിന്ദ്സിംഗിന്റെ വാൾ വിദേശത്തേക്ക് കൊണ്ടുപോയി ആ വാളിനെയും കൊണ്ട് പ്രദക്ഷിണം ചെയ്യുമായിരുന്നു. വളരെ ശുദ്ധിയോടെയാണ് വെക്കുന്നത്. ചിലത് രണ്ടു പൈസയുടെ വാളും ഉണ്ടായിരിക്കും. ഏതിലാണോ മൂർച്ചയുള്ളത് അതാണ് വളരെ തീക്ഷ്ണമായത്. അതിന് നല്ല വിലയുണ്ടാവും. കുട്ടികളിലും അങ്ങനെയാണ്. ചിലരിൽ ജ്ഞാനം നല്ലവണ്ണമുണ്ട് പക്ഷേ യോഗത്തിന്റെ ശക്തി കുറവാണ്. ആരാണോ ബന്ധനസ്ഥരായവർ, സാധാരണക്കാർ അവർ ശിവബാബയെ വളരെ നന്നായി ഓർമ്മിക്കുന്നു. അവരിൽ ജ്ഞാനം കുറവാണ് പക്ഷേ യോഗത്തിന്റെ ശക്തി കൂടുതലാണ്. അവരും തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായിത്തീരുകയാണ്. എങ്ങനെയാണോ ഒരു അർജ്ജുനന്റെയും വനവാസിയുടേയും ഉദാഹരണം നൽകുന്നത്. അർജ്ജുനനെക്കാളും ആ വനവാസി(ഏകലവ്യൻ) ബാണം തൊടുക്കുന്ന കാര്യത്തിൽ മിടുക്കനായി. അർജ്ജുനൻ അർത്ഥം വീട്ടിലിരിക്കുന്നവർ, ദിവസേന കേൾക്കുന്നവർ. അവരേക്കാളും പുറമെ ജീവിക്കുന്നവർ തീവ്രഗതിയിൽ പോകുന്നു. ജ്ഞാനത്തിന്റെ ശക്തിയുള്ളവരുടെ മുന്നിൽ അവർ തലകുനിക്കുന്നു. വിധി എന്നു പറയാം. ചിലർ തോറ്റുപോകുകയോ പാപ്പരാവുകയോ ചെയ്യുമ്പോൾ വിധിയെ പഴിക്കുന്നു. ജ്ഞാനത്തോടൊപ്പം യോഗത്തിന്റെ ശക്തിയും തീർച്ചയായും ആവശ്യമാണ്. ശക്തിയില്ലെങ്കിൽ പേരിനുമാത്രമുള്ള ജ്ഞാനിയാണ്. കുട്ടികളും അത് അനുഭവിക്കുന്നുണ്ടാവും. ചിലർക്ക് പതിയോടും ചിലർക്ക് വേറാരോടെങ്കിലും സ്നേഹമുണ്ടാവും. ജ്ഞാനത്തിൽ വളരെ മിടുക്കുണ്ട് ഉള്ളിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നു. ഇവിടെ തീർത്തും സാധാരണമായിരിക്കണം.

എല്ലാം കണ്ടുകൊണ്ടും കാണാത്ത അവസ്ഥയായിരിക്കണം. ഒരേയൊരു ബാബയോടു മാത്രമായിരിക്കണം പ്രീതി. അപ്പോഴാണ് ഇങ്ങനെയൊരു മഹിമ - കൈയ്യിലൂടെ കർമ്മങ്ങൾ ചെയ്യുമ്പോഴും ഹൃദയത്തിൽ ഒരേയൊരു ബാബയുടെ മാത്രം ഓർമ്മ വേണം. ഓഫീസിൽ ജോലികൾ ചെയ്യുമ്പോഴും ബുദ്ധിയിൽ ഓർമ്മയുണ്ടായിരിക്കണം ഞാൻ ആത്മാവാണ്. ബാബയുടെ ആജ്ഞയാണ് എന്നെത്തന്നെ ഓർമ്മിച്ചുകൊണ്ടിരിക്കണം. ഭക്തിമാർഗ്ഗത്തിലും കർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ ഏതെങ്കിലും ഇഷ്ടദേവതയെ ഓർമ്മിക്കുന്നു. പക്ഷേ അത് കല്ലിന്റെ വിഗ്രഹമാണ്. അതിൽ ആത്മാവില്ലല്ലോ. ലക്ഷ്മി-നാരായണനെയും പൂജിക്കുന്നുണ്ട്. അവരും കല്ലിന്റെ മൂർത്തിയാണ്. ചോദിക്കൂ ഇവരുടെ ആത്മാവ് എവിടെയാണെന്ന്? ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു തീർച്ചയായും ഏതെങ്കിലും നാമരൂപത്തിൽ ഉണ്ടാവുമെന്ന്. ഇപ്പോൾ നിങ്ങൾ വീണ്ടും യോഗബലത്തിലൂടെ പാവനദേവതയായിത്തീരുകയാണ്. ലക്ഷ്യവുമുണ്ടല്ലോ. രണ്ടാമത്തെ കാര്യം ബാബ മനസ്സിലാക്കിത്തരുന്നു, ജ്ഞാനസാഗരനും ജ്ഞാനഗംഗകളും ഈ പുരുഷോത്തമസംഗമയുഗത്തിൽ തന്നെയാണ് ഉള്ളത്. ഒരേയൊരു സമയത്താണ് ഉണ്ടാവുക. ജ്ഞാനസാ

ഗരൻ വരുന്നതുതന്നെ കല്പത്തിലെ ഈ പുരുഷോത്തമസംഗമയുഗത്തിലാണ്. ജ്ഞാനസാഗരൻ നിരാകാരനായ പരമപിതാ പരമാത്മാവാണ്. പരമാത്മാവിന് സംസാരിക്കുന്നതിനായി ശരീരം തീർച്ചയായും ആവശ്യമാണ്. ബാക്കി ഗംഗാ ജലത്തിന്റെ കാര്യമൊന്നും ഇവിടെയില്ല. ഈ ജ്ഞാനം നിങ്ങൾക്ക് സംഗമയുഗത്തിലാണ് ലഭിക്കുന്നത്. ബാക്കി എല്ലാവരും ഭക്തിയിലാണ്. ഭക്തിമാർഗ്ഗത്തിലുള്ളവർ ഗംഗാജലത്തെയും പൂജിക്കുന്നു. പക്ഷേ പതിതപാവനൻ ഒരേയൊരു ബാബയാണ്. ബാബ വരുന്നതുതന്നെ ഒരു പ്രാവശ്യമാണ്, എപ്പോഴാണോ പഴയലോകത്തിന്റെ പരിവർത്തനം സംഭവിക്കേണ്ടത്. ഇപ്പോൾ ഇത് ആർക്കെങ്കിലും മനസ്സിലാക്കികൊടുക്കുന്നതിനായി ബുദ്ധിയും ആവശ്യമാണ്. ഏകാന്തതയിൽ വിചാരസാഗരമഥനം ചെയ്യേണ്ടതായിവരും. പരമപിതാവായ പരമാത്മാവ് ഒരേയൊരു ശിവൻ തന്നെയാണ് എന്ന് മനുഷ്യർ മനസ്സിലാക്കുന്ന വിധത്തിൽ എങ്ങനെയാണ് എഴുതേണ്ടത്. ബാബ വരുന്ന സമയത്ത് ബാബയുടെ കുട്ടികളാണ് ബ്രഹ്മാകുമാരി–കുമാരന്മാരായിത്തീരുന്നത്, അവർ ജ്ഞാനത്തെ ധാരണ ചെയ്ത് ജ്ഞാന ഗംഗകളായിത്തീരുന്നു. ജ്ഞാനം കേൾപ്പിച്ചുകൊണ്ടിരിക്കുന്ന ധാരാളം ജ്ഞാന ഗംഗകളുണ്ട്. അവർക്കേ സദ്ഗതി ചെയ്യാൻ സാധിക്കൂ. വെള്ളത്തിൽ സ്നാനം ചെയ്യുന്നതിലൂടെ പാവനമായിത്തീരാൻ സാധിക്കില്ല. ജ്ഞാനം സംഗമത്തിലാണ് ഉണ്ടാകുന്നത്. ഇത് മനസ്സിലാക്കാനുള്ള യുക്തി ആവശ്യമാണ്. വളരെയധികം അന്തർമുഖത ആവശ്യമാണ്. ശരീര ഭാരത്തെ ഉപേക്ഷിച്ച് സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കൂ. ഈ സമയം പറയാം നമ്മൾ പുരുഷാർത്ഥിയാണെന്ന്, ഓർമ്മിച്ച്–ഓർമ്മിച്ച് എപ്പോഴാണോ പാപം നശിക്കുന്നത് അപ്പോൾ യുദ്ധം ആരംഭിക്കുന്നു. അപ്പോഴേക്കും എല്ലാവർക്കും സന്ദേശം ലഭിക്കണം. സന്ദേശം ഒരേയൊരു ശിവ ബാബയ്ക്കു മാത്രമേ നൽകാൻ സാധിക്കൂ. ഈശ്വരനെ സന്ദേശവാഹകനെന്നു പറയുന്നു. നിങ്ങൾ എല്ലാവർക്കും ഈ സന്ദേശത്തെ എത്തിക്കുന്നു, സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കി പരമപിതാവായ പരമാത്മാവിനോടൊപ്പം യോഗം വെക്കൂ എങ്കിൽ ബാബ പ്രതിജ്ഞ ചെയ്യുന്നു ജന്മജന്മാന്തരത്തിലെ പാപം നശിക്കുമെന്ന്. ഇത് ബാബ ബ്രഹ്മാമുഖത്തിലൂടെ മനസ്സിലാക്കിത്തരുന്നു. ഗംഗാജലം നിങ്ങൾക്ക് എന്തു മനസ്സിലാക്കിത്തരാനാണ്. പരിധിയില്ലാത്ത അച്ഛൻ പരിധിയില്ലാത്ത കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ് – നിങ്ങൾ സത്യയുഗത്തിൽ എത്ര സുഖികളും സമ്പന്നരുമായിരുന്നു, ഇപ്പോൾ ദു:ഖിതരും ദരിദ്രരുമായിത്തീർന്നു. ഇത് പരിധിയില്ലാത്ത കാര്യമാണ്. ബാക്കി ഈ ചിത്രങ്ങളെല്ലാം തന്നെ ഭക്തിമാർഗ്ഗത്തിലേതാണ്. ഈ ഭക്തിമാർഗ്ഗത്തിലെ സാമഗ്രികളും ഉണ്ടാകണം. ശാസ്ത്രം വായിക്കുന്നതും പൂജിക്കുന്നതും ഭക്തിയാണ്. ഞാൻ ശാസ്ത്രങ്ങളൊന്നും തന്നെ പഠിപ്പിക്കുന്നില്ല. ഞാൻ പതിതരെ പാവനമാക്കുന്നതിനായുള്ള ജ്ഞാനത്തെ കേൾപ്പിക്കുകയാണ്, അതായത് സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കൂ. ഇപ്പോൾ ആത്മാവും ശരീരവും രണ്ടും പതിതമാണ്. ഇപ്പോൾ ബാബയെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ ഈ ദേവതകളെപ്പോലെയായിത്തീരുന്നു. ദേഹത്തിന്റെ എല്ലാ പഴയ സംബന്ധികളിൽ നിന്നുമുള്ള മമത്വത്തെ ഇല്ലാതാക്കണം. പാടാറുണ്ട് അങ്ങ് വരുകയാണെങ്കിൽ ഞങ്ങൾ മറ്റാരിൽനിന്നും തന്നെ കേൾക്കുകയില്ല, അങ്ങുമായിമാത്രം സർവ്വ സംബന്ധങ്ങളും യോജിപ്പിക്കും. ദേഹധാരികളെയെല്ലാം തന്നെ മറക്കും. ഇപ്പോൾ ബാബ കുട്ടികൾ ചെയ്തിരുന്ന പ്രതിജ്ഞയെ ഓർമ്മിപ്പിക്കുകയാണ്. ബാബ പറയുന്നു എന്നോടൊപ്പം യോഗം വെച്ചാൽ മാത്രമാണ് നിങ്ങളുടെ എല്ലാ വികർമ്മങ്ങളും നശിക്കുന്നത്. നിങ്ങൾ പുതിയ ലോകത്തിലെ അധികാരിയായിത്തീരുന്നു. ഇതാണ് ലക്ഷ്യം. രാജാക്കന്മാരോടൊപ്പം പ്രജകളെയും തീർച്ചയായും ഉണ്ടാക്കണം. രാജാക്കന്മാരുടെ പക്കൽ ദാസദാസിമാരും ആവശ്യമാണ്. ബാബ എല്ലാ കാര്യങ്ങളും മനസ്സിലാക്കിത്തരുന്നു. നല്ലരീതിയിൽ ഓർമ്മിച്ചില്ലെങ്കിൽ ദൈവീകഗുണങ്ങൾ ധാരണ ചെയ്തില്ലെങ്കിൽ എങ്ങനെ ഉയർന്ന പദവി നേടാനാണ്? വീട്ടിൽ എന്തെങ്കിലും കാര്യങ്ങളിൽ കലഹങ്ങളും ബഹളങ്ങളും ഉണ്ടാകാറുണ്ടല്ലോ. ബാബ എഴുതാറുണ്ട് നിങ്ങളുടെ വീട്ടിൽ കലഹമുള്ളതുകൊണ്ടാണ് ഈ ജ്ഞാനം ഏശാത്തത്. ബാബ ചോദിക്കാറുണ്ട് പതി–പത്നിമാർ രണ്ടുപേരും ശരിയായ രീതിയിലാണോ മുന്നോട്ടു പോകുന്നത്? പെരുമാറ്റം വളരെയധികം നല്ലതായിരിക്കണം. ക്രോധത്തിന്റെ അംശം പോലും ഉണ്ടാകരുത്. ഇപ്പോൾ ലോകത്തിൽ എത്ര പ്രശ്നങ്ങളും അശാന്തിയുമാണ്? നിങ്ങളിലും വളരെ പേർ ജ്ഞാനയോഗത്തിൽ തീവ്രത നേടുകയാണെങ്കിൽ വീണ്ടും ധാരാളം ഓർമ്മിക്കാൻ സാധിക്കുന്നു. നിങ്ങളുടെ അഭ്യാസവും നല്ലതായിത്തീരും, ബുദ്ധിയും വിശാലമായിരിക്കും.

ബാബയ്ക്ക് ചെറിയ ചിത്രങ്ങളോട് അത്രയ്ക്ക് താൽപര്യമില്ല. എല്ലാ ചിത്രങ്ങളും വലുതായിരിക്കണം. പുറമെയുള്ള മുഖ്യമായ സ്ഥാനങ്ങളിൽ വെക്കണം. എങ്ങനെയാണോ നാടകത്തിന്റെ വലിയ–വലിയ ചിത്രങ്ങൾ വെക്കുന്നത്. കേടാകാത്ത തരത്തിലുള്ള നല്ല നല്ല ചിത്രങ്ങൾ ഉണ്ടാക്കൂ. ഏണിപ്പടിയുടെ വലിയ വലിയ ചിത്രങ്ങളുണ്ടാക്കി, എല്ലാവരുടെയും ദൃഷ്ടി പതിയുന്ന വിധത്തിലുള്ള സ്ഥലങ്ങളിൽ വെക്കൂ. ഷീറ്റിൽ തന്നെ നിറവും മറ്റും അത്രക്ക് നല്ലതായിരിക്കണം, വെയിലിലോ മഴയത്തോ ചീത്തയാകരുത്. മുഖ്യമായ സ്ഥാനങ്ങളിൽ വെക്കൂ അല്ലെങ്കിൽ എവിടെയെങ്കിലും ചിത്രപ്രദർശിനി നടത്തുമ്പോൾ മുഖ്യമായ രണ്ടോ മൂന്നോ ചിത്രങ്ങൾ തന്നെ ധാരാളമാണ്. ഈ സൃഷ്ടി ചക്രം വാസ്തവത്തിൽ ഒരു ചുമരി

നോളം വലുപ്പമുണ്ടായിരിക്കണം. 8–10 ആളുകൾ ചേർന്ന് പിടിച്ച് വെക്കുന്ന രീതിയിൽ. ആര് ദൂരെ നിന്നു കണ്ടാലും വളരെ വ്യക്തമായി അറിയാൻ സാധിക്കണം. സത്യയുഗത്തിൽ മറ്റുള്ള ധർമ്മങ്ങളൊന്നും തന്നെ ഉണ്ടാവുകയില്ല. ആ ധർമ്മങ്ങളെല്ലാം വരുന്നത് അതിനുശേഷമാണ്. ആദ്യം സ്വർഗ്ഗത്തിൽ വളരെ കുറച്ച് മനുഷ്യരായിരിക്കും. ഇപ്പോൾ സ്വർഗ്ഗമാണോ അതോ നരകമാണോ – നിങ്ങൾക്ക് ഇതിനുമേൽ വളരെ നന്നായി മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. ആര് വന്നാലും അവർക്ക് മനസ്സിലാക്കി കൊടുക്കൂ. വലിയ–വലിയ ചിത്രങ്ങളായിരിക്കണം. എങ്ങനെയാണോ പാണ്ഡവരുടെ വലിയ പ്രതിമകളുണ്ടാക്കുന്നത്. നിങ്ങളും പാണ്ഡവരല്ലേ.

ശിവബാബ സംഗമയുഗത്തിലാണ് പഠിപ്പിക്കുന്നത്. ശ്രീകൃഷ്ണൻ സത്യയുഗത്തിലെ ആദ്യത്തെ രാജകുമാരനാണ്. നിങ്ങൾ മനസ്സിലാക്കി കൊടുത്ത് തന്റെ രാജധാനി സ്ഥാപിക്കുകയാണ്. ചിലർ പഠിച്ച് പിന്നീട് ഉപേക്ഷിക്കുന്നു. വിദ്യാലയത്തിലും ചിലർക്ക് പഠിക്കാൻ സാധിക്കുന്നില്ലെങ്കിൽ പഠിപ്പ് ഉപേക്ഷിക്കുന്നു. ഇവിടെയും ധാരാളം പേർ പഠിപ്പിനെ ഉപേക്ഷിച്ചവരുണ്ട്. പിന്നെ അവർ സ്വർഗ്ഗത്തിലേക്ക് വരുമോ? ഞാൻ വിശ്വത്തിന്റെ അധികാരിയാണ്, എന്നിൽ നിന്നും രണ്ടക്ഷരമെങ്കിലും കേൾക്കുകയാണെങ്കിൽ തീർച്ചയായും സ്വർഗ്ഗത്തിലേക്ക് വരും. ഇനി മുന്നോട്ടു പോകവേ ധാരാളം പേർ കേൾക്കും. ഇവിടെ മുഴുവൻ രാജധാനിയുടെയും സ്ഥാപനയാണ് നടക്കുന്നത്, കല്പം മുമ്പത്തേതു പോലെ. കുട്ടികൾ മനസ്സിലാക്കുന്നു, അനേക തവണ രാജ്യം നേടിയിട്ടുണ്ട് പിന്നീട് നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. വജ്ര സമാനമായിരുന്നു, പിന്നീട് കക്കയ്ക്കു സമാനമായിത്തീർന്നു. ഭാരതം വജ്രത്തെപ്പോലെയായിരുന്നു. ഇപ്പോൾ എന്തു സംഭവിച്ചു? അതേ ഭാരതം തന്നെയാവില്ലേ. ഈ സംഗമത്തെ പുരുഷോത്തമയുഗം എന്നു പറയുന്നു. ഉത്തമരിലും ഉത്തമനായ പുരുഷനുമുണ്ട്. ബാക്കിയെല്ലാവരും കനിഷ്ടരാണ്(അധമരാണ്). ആരാണോ പൂജ്യരായിരുന്നത് അവർ തന്നെയാണ് പിന്നീട് പൂജാരിയായിത്തീരുന്നത്. 84 ജന്മങ്ങൾ എടുക്കുന്നു. ആ ശരീരവും നശിച്ചു കഴിഞ്ഞു ആത്മാവും തമോപ്രധാനമായിത്തീർന്നു. എപ്പോഴാണോ സതോപ്രധാനമാകുന്നത് അപ്പോൾ പൂജിക്കുന്നില്ല. ചൈതന്യത്തിലാണല്ലോ. ഇപ്പോൾ നിങ്ങൾ ശിവബാബയെ ചൈതന്യത്തിലാണ് ഓർമ്മിക്കുന്നത്. പിന്നീട് പൂജാരിയായിത്തീരുമ്പോൾ കല്ലിനെ പൂജിക്കുന്നു. ഇപ്പോൾ ബാബ ചൈതന്യത്തിലുണ്ട്. പിന്നീട് അവരുടെ തന്നെ കല്ലിന്റെ പ്രതിമയുണ്ടാക്കി പൂജിച്ചുകൊണ്ടിരിക്കും. രാവണരാജ്യത്തിലാണ് ഭക്തി ആരംഭിച്ചത്. അതേ ആത്മാക്കൾ തന്നെ ഭിന്ന ഭിന്ന ശരീരത്തെ ധാരണ ചെയ്ത് വന്നു. അധ:പതിക്കുന്നതോടെ ഭക്തി ആരംഭിക്കുന്നു. ബാബ വന്ന് പിന്നീട് ജ്ഞാനം നൽകുമ്പോൾ പകൽ ആരംഭിക്കുന്നു. ബ്രാഹ്മണനിൽ നിന്നും ദേവതയായിത്തീരുന്നു. ഇപ്പോൾ ആരെയും തന്നെ ദേവത എന്നു പറയില്ല. ബ്രഹ്മാവ് സത്യയുഗത്തിൽ ഉണ്ടാവുകയില്ല. ഇവിടെ തപസ്യ ചെയ്തുകൊണ്ടിരിക്കുകയാണ്. മനുഷ്യനല്ലേ. ശിവബാബയെ ശിവൻ എന്ന് തന്നെയാണ് പറയുക. ബ്രഹ്മാശരീരത്തിലാണെങ്കിലും ശിവബാബ എന്നാണ് പറയുന്നത്. മറ്റൊരു പേരും വെക്കാൻ സാധിക്കില്ല, ഇദ്ദേഹത്തിൽ ശിവബാബയാണ് വരുന്നത്. ജ്ഞാനസാഗരനായ ബാബ ബ്രഹ്മാവിന്റെ ശരീരത്തിലൂടെയാണ് ജ്ഞാനം നൽകുന്നത്. അപ്പോൾ ചിത്രങ്ങളും വളരെയധികം വിവേകത്തോടെ ഉണ്ടാക്കണം. അതിൽ എഴുത്ത് ഉണ്ടെങ്കിൽ മാത്രമേ പ്രയോജനത്തിൽ വരൂ. പതിതപാവനൻ വെള്ളത്തിന്റെ സാഗരനും വെള്ളത്തിന്റെ നദികളുമാണോ? അതോ ജ്ഞാനസാഗരനും അതിൽ നിന്നും ഉത്ഭവിച്ചിട്ടുള്ള ജ്ഞാന ഗംഗകൾ, ബ്രഹ്മാകുമാർ–കുമാരിമാരാണോ? ഇവർക്കാണ് ബാബ ജ്ഞാനം നൽകുന്നത്. ബ്രഹ്മാവിലൂടെ ആരാണോ ബ്രാഹ്മണനായിത്തീരുന്നത് അവരാണ് ദേവതകളായി മാറുക. വിരാടരൂപത്തിന്റെ ചിത്രവും വളരെ വലുതാക്കി കാണിക്കണം കാരണം ഇതാണ് മുഖ്യമായ ചിത്രം.

ബാബ മനസ്സിലാക്കിത്തരുന്നു മധുരമായ കുട്ടികളേ, നിങ്ങൾക്ക് തന്റെ ബുദ്ധിയെ നിർവ്വികാരിയാക്കി മാറ്റണം. ഇവരുടെത് വികാരി ദൃഷ്ടിയാണെന്ന് ബാബ എപ്പോഴാണോ കാണുന്നത്, അപ്പോൾ മനസ്സിലാക്കും ഇവർക്ക് മുന്നേറാൻ സാധിക്കില്ല. നിങ്ങൾ ആത്മാക്കൾ ഇപ്പോൾ ത്രികാലദർശികളാണ്. ഇത് വളരെ വിരളം പേരാണ് മനസ്സിലാക്കുന്നത്. ധാരാളം പേരും ബുദ്ധുക്കളാണ്. ബാബയോട് വിടപറയുന്നു. ഇത് കുട്ടികൾക്ക് അറിയാം രാജധാനി സ്ഥാപിക്കുകയാണെന്ന്. അതിൽ എല്ലാവരും ആവശ്യമാണ്. അവസാനം എല്ലാം സാക്ഷാത്കാരമുണ്ടാവും. ഫസ്റ്റ് ക്ലാസ്സ് ദാസദാസിമാരും ഉണ്ടായിരിക്കും. ഫസ്റ്റ് ക്ലാസ്സ് ദാസി കൃഷ്ണനെ പാലിക്കുന്നു. പാത്രങ്ങൾ കഴുകി വൃത്തിയാക്കുന്നവർ, ഭക്ഷണം കഴിപ്പിക്കുന്നവർ, വീടു വൃത്തിയാക്കുന്നവർ എല്ലാവരും ഉണ്ടാകുന്നു. എല്ലാവരും ഇവിടെ നിന്നുതന്നെയാണ് ഉണ്ടാകുന്നത്. ഫസ്റ്റ് നമ്പറിലുള്ളവർ തീർച്ചയായും നല്ല പദവി നേടുന്നു. ആ അനുഭൂതിയുണ്ടാകുന്നു. ബാബയ്ക്ക് കുട്ടികളിൽ നിന്നും അനുഭവം വരാറുണ്ട് ഇവർ നന്നായി മുരളി വായിക്കുന്നു, പക്ഷേ യോഗം വളരെ കുറവാണ്. ചിലപ്പോൾ പത്നി പതിയെക്കാളും തീവ്രഗതിയിൽ മുന്നോട്ടു പോകുന്നു. ജ്ഞാനത്തിൽ പറയാറുണ്ട്, ബാബാ രണ്ടാമത്തെ ചക്രം ശരിയല്ലെന്ന്. പരസ്പരം മുന്നറിയിപ്പ് നൽകണം. പ്രവൃത്തിമാർഗ്ഗമല്ലേ.

ജോഡി ഒരുപോലെയുള്ളതായിരിക്കണം. തനിക്കുസമാനമാക്കി മാറ്റണം. അവസാന സമയത്ത് നിങ്ങൾ ഈ ലോകത്തെ തന്നെ മറന്നു പോകുന്നു. അറിയാമല്ലോ നമ്മൾ ഹംസങ്ങളാണ്, ഇവർ കൊറ്റികളാണെന്നുള്ളത്. ഓരോരുത്തരിലും ഓരോ അവഗുണങ്ങളാണുള്ളത്. പ്രശ്നങ്ങൾ ഉണ്ടാവുക തന്നെ ചെയ്യും. ധാരാളം പ്രയത്നമുണ്ട്. വളരെ സഹജവുമാണ്. സെക്കന്റിൽ ജീവന്മുക്തി ലഭിക്കും. ഒരു കക്കയുടെ ചിലവു പോലുമില്ലാതെ ഉയർന്ന പദവി നേടാൻ സാധിക്കുന്നു. ദരിദ്രർ നല്ല സേവനം ചെയ്തുകൊണ്ടിരിക്കുന്നു. ഇതറിയാമല്ലോ ആരെല്ലാമാണ് ഒഴിഞ്ഞ കൈയ്യോടെ വന്നതെന്ന്. വളരെയധികം കൊണ്ടു വന്നവർ ഇന്നില്ല, ദരിദ്രർ വളരെ ഉയർന്ന പദവി നേടിക്കൊണ്ടിരിക്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം -

1. ജ്ഞാനമാകുന്ന വാളിൽ ഓർമ്മയുടെ ശക്തി നിറയ്ക്കുന്നതിനുവേണ്ടി, കർമ്മം ചെയ്തുകൊണ്ടും അന്തർമുഖിയായി അഭ്യസിക്കണം, ഞാൻ ആത്മാവാണ്. ആത്മാവായ എനിക്ക് ബാബയുടെ ആജ്ഞയാണ്, നിരന്തരം എന്നെ മാത്രം ഓർമ്മിക്കൂ. ഒരേയൊരു ബാബയുമായി സത്യമായ പ്രീതി വെക്കൂ. ദേഹത്തോടും ദേഹത്തിന്റെ സംബന്ധികളോടുമുള്ള മമത്വത്തെ ഉപേക്ഷിക്കൂ.

2. കുടുംബത്തിലിരുന്നുകൊണ്ടും പരസ്പരം മുന്നറിയിപ്പ് നൽകി ഹംസമായി ഉയർന്ന പദവി നേടണം. ക്രോധത്തിന്റെ അംശത്തെപ്പോലും ഇല്ലാതാക്കണം. തന്റെ ബുദ്ധിയെ നിർവ്വികാരിയാക്കി മാറ്റണം.

## വരദാനം:- സാക്ഷിയായിരുന്നുകൊണ്ട് തന്റെ കർമ്മേന്ദ്രിയങ്ങൾ മുഖേന കർമ്മങ്ങൾ ചെയ്യിപ്പിക്കുന്ന, ചെയ്യിപ്പിക്കുന്നവനെന്ന ഭാവത്തിൽ നിന്ന് മുക്തമായ അശരീരിയായി ഭവിക്കട്ടെ.

തോന്നുമ്പോൾ ശരീരത്തിലേക്ക് വരൂ, തോന്നുമ്പോൾ അശരീരിയാകൂ. ഏതെങ്കിലും കർമ്മം ചെയ്യണമെങ്കിൽ കർമ്മേന്ദ്രിയങ്ങളുടെ ആധാരമെടുക്കൂ പക്ഷെ ആധാരമെടുക്കുന്നത് ഞാൻ ആത്മാവാണ്, ഇത് മറക്കരുത്, ചെയ്യുന്നവനല്ല, ചെയ്യിപ്പിക്കുന്നവനാണ്. മറ്റുള്ളവരെക്കൊണ്ട് കർമ്മം ചെയ്യിപ്പിക്കുമ്പോൾ ആ സമയത്ത് സ്വയത്തെ വേറെയെന്ന് മനസ്സിലാക്കുന്നു, അതേപോലെ സാക്ഷിയായിരുന്ന് കർമ്മേന്ദ്രിയങ്ങളിലൂടെ കർമ്മം ചെയ്യിപ്പിക്കൂ, അപ്പോൾ ചെയ്യിപ്പിക്കുന്നവനെന്ന ഭാവത്തിൽ നിന്ന് മുക്തമായി അശരീരിയായി മാറും. കർമ്മത്തിന്നിടക്കിടക്ക് ഒന്നുരണ്ട് മിനിറ്റെങ്കിലും അശരീരിയാകാനുള്ള അഭ്യാസം ചെയ്യൂ എങ്കിൽ അന്തിമ സമയത്ത് വളരെ സഹായം ലഭിക്കും.

## സ്ലോഗൻ:- വിശ്വരാജാവായി മാറണമെങ്കിൽ വിശ്വത്തിന് സകാശ്(ശക്തി) കൊടുക്കുന്നവരാകൂ.